# പഞ്ചായത്ത് ഡയറക്ടറുടെ നടപടിക്രമങ്ങൾ

(ഹാജർ: ഡോ.പി.കെ.ജയശ്രീ ഐ.എ.എസ്.)

വിഷയം: പഞ്ചായത്ത് വകുപ്പ് - ജീവനക്കാര്യം - ഹെൽത്ത് ഇൻസ്പെക്ടർ തസ്തികയിലെ ജീവനക്കാർക്ക് റേഷ്യോ ഹയർ ഗ്രേഡ് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:1. സ.ഉ.(പി) 07/2016/ഉഭപവ തീയതി 20/01/2016.

2. സ.ഉ.(പി) 85/2011/ധന തീയതി 26/02/2011.

3. സ.ഉ.(എം.എസ്) 128/2014/തസ്വഭവ തീയതി 17/07/2014.

4. പഞ്ചായത്ത് ഡയറക്ടറുടെ 30/03/2019 തീയതിയിലെ ഇ 14-16695/2018 നമ്പർ ഉത്തരവ്

5. പഞ്ചായത്ത് ഡയറക്ടറുടെ 12/07/2012 തീയതിയിലെ ഇ 9-39944/2008 നമ്പർ ഉത്തരവ്

## ഉത്തരവ് നമ്പർ PAN/13959/2019-E14(DP) തീയതി 11/06/2020

പഞ്ചായത്ത് വകുപ്പിലെ സാനിറ്ററി ഇൻസ്പെക്ടർ തസ്തികയിലെ ജീവനക്കാർക്ക് 10/12/2008 തീയതി വരെ റേഷ്യോയിലുണ്ടായ ഒഴിവുകളുടെ അടിസ്ഥാനത്തിൽ ഹയർ ഗ്രേഡ് അനുവദിച്ച് പരാമർശം (5) പ്രകാരം ഉത്തരവായിരുന്നു. പ്രസ്തുത തസ്തികയുടെ പേര് ഹെൽത്ത് ഇൻസ്പെക്ടർ എന്ന് പുനർനാമകരണം ചെയ്ത് പരാമർശം (3) പ്രകാരം ഉത്തരവായിരുന്നു. പ്രസ്തുത തസ്തികയിലെ ജീവനക്കാർക്കാരുടെ സീനിയോരിറ്റി പട്ടിക പരാമർശം (4) പ്രകാരം അന്തിമമാക്കി പ്രസിദ്ധീകരിച്ചിട്ടുണ്ട്.

പരാമർശം (1) ശമ്പള പരിഷ്കരണ ഉത്തരവിൽ ഹെൽത്ത് ഇൻസ്പെക്ടർ തസ്തികയിലെ ജീവനക്കാർക്കുള്ള ഹയർ ഗ്രേഡ് 2:1 എന്നീ അനുപാതത്തിൽ യഥാക്രമം ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് – II, ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് – I എന്നിങ്ങനെയായി നിശ്ചയിച്ചിട്ടുണ്ട്. പഞ്ചായത്ത് വകുപ്പിലെ ഹെൽത്ത് ഇൻസ്പെക്ടർ തസ്തികയിലെ ആകെ കേഡർ സ്ട്രങ്ങ്ത് 22 ആണ്.

പരാമർശം (5) ഉത്തരവിന് തുടർച്ചയായി 30/04/2020 തീയതി വരെയുള്ള കാലയളവിൽ റേഷ്യോയില് ഉണ്ടായിട്ടുള്ള ഒഴിവുകൾ കണക്കാക്കി ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് -II തസ്തികയിൽ നിലവിൽ സേവനത്തില് തുടരുന്ന / സേവനത്തിൽ നിന്നും വിരമിച്ച ഉദ്യോഗസ്ഥർക്ക് 2:1 എന്ന അനുപാതത്തിൽ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് -I തസ്തികയിലേക്ക് ഹയർ ഗ്രേഡ് ആനുകൂല്യം അർഹതപ്പെട്ട തീയതി പ്രാബല്യത്തിൽ ചുവടെ പട്ടികയിൽ പറയും പ്രകാരം അനുവദിച്ച് ഉത്തരവാകുന്നു.

KSR ഭാഗം-I ചട്ടം 23(d) പ്രകാരം ഒഴിവു നിലവിൽ വന്ന തീയതി മുതൽ റേഷ്യോ ഹയർ ഗ്രേഡിനും തുടർന്നുള്ള ശമ്പള നിർണ്ണയത്തിനും പ്രബല്യമുണ്ടെങ്കിലും, ഉത്തരവ് തീയതി മുതൽ പുറകിലേക്ക് ഒരു വർഷത്തെ

ശമ്പള കുടിശ്ശികയ്ക്ക് മാത്രമേ അർഹതയുണ്ടായിരിക്കുകയുള്ളൂ. സേവനത്തിൽ നിന്നും വിരമിച്ചവരുടെ സംഗതിയിൽ ഉത്തരവ് തീയതി മുതൽ പുറകിലേക്ക് ഒരു വർഷം കണക്കാക്കുമ്പോൾ പ്രസ്തുത കാലയളവ് വിരമിക്കൽ തീയതിക്ക് ശേഷമാണെങ്കിൽ ശമ്പള കുടിശ്ശികകയ്ക്ക് അർഹതയില്ലാതിരിക്കുന്നതും, എന്നാൽ നോഷണൽ പേയുടെ അടിസ്ഥാനത്തിൽ പെൻഷൻ പുനർനിർണ്ണയിക്കാവുന്നതുമാണ്.

ഇതിനോടകം സമയബന്ധിത ഹയർ ഗ്രേഡ് ലഭിച്ചിട്ടുള്ള ജീവനക്കാർക്ക് പ്രസ്തുത തീയതിക്ക് മുമ്പുള്ള തീയതിയിൽ ഈ ഉത്തരവ് പ്രകാരം സമാന ശമ്പള നിരക്കിലുള്ള റേഷ്യോ ഹയർ ഗ്രേഡിന് അർഹതയുള്ളതായി മാറുന്ന പക്ഷം അവർക്ക് മുമ്പ് അനുവദിച്ച സമയബന്ധിത ഹയർ ഗ്രേഡ് റദ്ദ് ചെയ്ത് റേഷ്യോ അടിസ്ഥാനത്തിലുള്ള ഹയർ ഗ്രേഡ് പ്രകാരം ശമ്പള നിർണ്ണയം മുൻകാല പ്രാബല്യത്തിൽ നടത്താവുന്നതാണ്.

റേഷ്യോ അടിസ്ഥാനത്തിലുള്ള ഹയർ ഗ്രേഡ് പ്രാബല്യ തീയതിയിൽ സസ്പെൻഷൻ, അനധികൃത ഹാജരില്ലായ്മ, മെഡിക്കൽ ഗ്രൗണ്ടിൽ അല്ലാതെ ശൂന്യവേതനാവധി എന്നിവയിൽ തുടരുന്ന ജീവനക്കാർക്ക് മേൽപറഞ്ഞവയ്ക്ക് ശേഷം ജോലിയിൽ പ്രവേശിച്ച തീയതി പ്രാബല്യത്തിൽ ശമ്പളം പുനർനിർണ്ണയിക്കേണ്ടതാണ്.

റേഷ്യോ ഹയർ ഗ്രേഡ് അനുവദിച്ചിട്ടുള്ള ജീവനക്കാരുടെ നിരീക്ഷണകാലം പൂർത്തീകരിച്ച് ഉത്തരവായ വിവരം സേവനപുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുണ്ടെന്ന് ചുമതലപ്പെട്ട ഉദ്യോഗസ്ഥർ ഉറപ്പുവരുത്തേണ്ടതാണ്.

ഈ ഉത്തരവ് പ്രകാരം ഹയർ ഗ്രേഡ് ആനുകൂല്യം ലഭിക്കുന്ന ഉദ്യോഗസ്ഥരുടെ ശമ്പളം പുനർനിർണ്ണയിച്ച് ആവശ്യമുള്ള പക്ഷം സംസ്ഥാന ഓഡിറ്റ് വകുപ്പ് / അക്കൗണ്ടന്റ് ജനറൽ എന്നിവരുടെ അംഗീകാരത്തിന് വിധേയമായി ചുമതലപ്പെട്ട ഉദ്യോഗസ്ഥർ ഉത്തരവ് പുറപ്പെടുവിക്കേണ്ടതും ടി വിവരം ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ സേവനപുസ്തകം / പെൻഷൻ രേഖകൾ എന്നിവയിൽ വ്യക്തമായി രേഖപ്പെടുത്തേണ്ടതാണ്.

**ഡോ. പി.കെ. ജയശ്രീ, ഐ.എ.എസ്.**
**പഞ്ചായത്ത് ഡയറക്ടർ**

പകർപ്പ് :

വ്യക്തികൾക്ക്
അക്കൗണ്ടന്റ് ജനറൽ, തിരുവനന്തപുരം
ഡയറക്ടർ, സംസ്ഥാന ആഡിറ്റ് വകുപ്പ്
ഡയറക്ടർ, ട്രഷറി വകുപ്പ്
എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും

എല്ലാ ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്കും

| Ratio Based Higher Grade in the cadre of Health Inspector for the period up to 30.04.2020 | | | | | | |
|---|---|---|---|---|---|---|
| **Sl. No** | **Seniority Number** | **Name and Office** | **Date of Birth** | **Scale of Pay** | **With effect date of RBHG** | **Remarks** |
| 1 | 9 | Muhammed Rafeeq Ali M Tirurangadi Municipality Malappuram | 01.06.1978 | 13210 - 22360 | **01.07.2012** | Vice A D Jose Retired on 30.06.2012 |
| 2 | 10 | Nisha K Kakkodi Grama Panchayat Kozhikode | 01.04.1979 | 25200 - 54000 | **01.06.2015** | Vice V Lalitha Retired on 31.05.2015 |
| 3 | 11 | Satheesh Babu Nadapuram Grama Panchayat Kozhikode | 01.12.1977 | 25200 - 54000 | **29.04.2018** | Vice Dileep left Dept on 28.04.2018 |
| 4 | 12 | Balan Vayaleri Azhiyur Grama Panchayat Kozhikode | 26.05.1963 | 25200 - 54000 | **01.05.2018** | Vice Sethumadhavan T K Retired on 30.04.2018 |
| 5 | 12 A | Bijoy Chandran R Pattambi Municipality Palakkad | 27.05.1977 | 25200 - 54000 | **01.06.2018** | Vice Sreedharan A M Retired on 31.05.2018 |
| 6 | 13 | Sameer V Peruvayal Grama Panchayat Kozhikode | 07.05.1981 | 25200 - 54000 | **01.05.2019** | Vice Saindheen C retired on 30.04.2019 |
| 7 | 14 | Aboobacker M Mannarkkad Municipality Palakkad | 09.02.1974 | 25200 - 54000 | **01.06.2019** | Vice Balan Vayaleri Retired on 31.05.2019 |
| 8 | 15 | Suresh T K Balussery Grama Panchayat Kozhikode | 25.01.1969 | 25200 - 54000 | **25.02.2020** | Vice Bijoy Chandran R Left Dept on 24.02.2020 |

Signature Not Verified

Digitally signed by P K Jayasree
Date: 2020.06.11 15:29:20 IST
Reason: Approved

**DIRECTOR OF PANCHAYATS**